ICPS-SARA/1573/2019

വനിത ശിശുവികസന വകുപ്പ്
ഐ.സി.പി.എസ്. , സാരാ.
പൂജപ്പുര, തിരുവനന്തപുരം
തിയതി. 16.03.2020.

# സർക്കുലർ

വിഷയം: വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ്. - സാരാ - സംസ്ഥാനത്ത് ദത്തെടുക്കാൻ അപേക്ഷ സമർപ്പിച്ചിരിക്കുന്ന അപേക്ഷകരുടെ യോഗ്യത മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചത് - സംബന്ധിച്ച്.

പരാമർശം:
1. 22.06.2018 – തീയതിയിലെ സ.ഉ.(സാധാ) നം. 371/2018/സാ.നീ.വ.
2. 30.10.2020 – തീയതിയിലെ സ.ഉ.(സാധാ) നം. 688/2019/സാ.നീ.വ.
3. 06.01.2020 ന് ചേർന്ന സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയുടെ മൂന്നാമത് ഗവേണിംഗ് ബോഡി യോഗ നടപടിക്കുറിപ്പ്.
4. 22.02.2020 – തീയതിയിലെ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി പുറപ്പെടുവിച്ച സ.ഉ.(സാധാ) നം. 100/2020/സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവ്

കുട്ടികളെ ദത്തെടുക്കാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള അപേക്ഷകർ സാമ്പത്തിക ഭദ്രതയുള്ളവരായിരിക്കണമെന്ന് ബാലനീതി നിയമം, 2015 –ലും, അഡോപ്ഷൻ റെഗുലേഷൻ 2017 –ലും പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം അപേക്ഷകരുടെ കുറഞ്ഞ വാർഷിക വരുമാനം 3 ലക്ഷം രൂപയായി നിജപ്പെടുത്തി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ, മേൽ നിബന്ധന അപേക്ഷകരിൽ ഭൂരിഭാഗം പേരെയും അയോഗ്യരാക്കിയത് ദത്തെടുക്കൽ മേഖലയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുമെന്ന വിഷയം സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയുടെ മൂന്നാമത് ഗവേണിംഗ് ബോഡി യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായി. ടി യോഗത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകി പരാമർശം (2) –ലെ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

1. ദത്തെടുക്കുവാൻ ആഗ്രഹിക്കുന്ന അപേക്ഷകരുടെ കുറഞ്ഞ വാർഷിക വരുമാനം ഇൻകം ടാക്സ് റിട്ടേൺ സമർപ്പിക്കുന്നതിന്റെ പരിധിയായ 2,50,000/- (രണ്ടര ലക്ഷം രൂപ മാത്രം) ആയിരിക്കും.
2. 2,50,000/- (രണ്ടര ലക്ഷം രൂപ മാത്രം) രൂപയുടെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാത്ത അപേക്ഷകർ 50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബാധ്യതാരഹിത ആസ്തി തെളിയിക്കുന്നതിനുള്ള രേഖകളും, ആവശ്യമായ സോൾവൻസി ഉണ്ടെന്നുള്ള ആഡിറ്റേഴ്സ് സ്റ്റേറ്റ്മെന്റും ഹാജരാക്കണം.
3. 2,50,000/- (രണ്ടര ലക്ഷം രൂപ മാത്രം) രൂപയുടെ വരുമാനം ഇല്ലാത്ത രജിസ്റ്റർ ചെയ്തതും, ഹോം സ്റ്റഡി പൂർത്തിയായതുമായ അപേക്ഷകർ, മേൽപ്പറഞ്ഞ രേഖകൾ സഹിതം ജില്ലാ ശിശു സംരക്ഷണ ഓഫീസിൽ ഹാജരാകുന്നതിന് നോട്ടീസ് നൽകേണ്ടതാണ്.

4. ലഭിയ്ക്കുന്ന അപേക്ഷകരുടെ രേഖകൾ പരാമർശം (1) പ്രകാരം രൂപീകൃതമായ ജില്ലാ അഡോപ്ഷൻ കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതും, സൂക്ഷ്മ പരിശോധന നടത്തി ടി അപേക്ഷകർക്ക് കുട്ടിയുടെ ഉത്തമ താത്പര്യം സംരക്ഷിക്കുന്നതിന് സാമ്പത്തികവും വൈകാരികവുമായ കഴിവുണ്ടെന്ന് ഉറപ്പ് വരുത്തിവേണം ഭവന സന്ദർശനം നടത്തേണ്ടത്. ഹോം സ്റ്റഡി പൂർത്തിയായ അപേക്ഷകരുടെ കേസ്സിൽ സുഷ്മ പരിശോധന നടത്തി വരുമാന പരിധി പാലിച്ചിട്ടുള്ള അപേക്ഷകൾ മാത്രമേ പരിഗണിക്കേണ്ടതുള്ളൂ.

5. നിലവിൽ ഹോം സ്റ്റഡി റിപ്പോർട്ട് അപ്‌ലോഡ് ചെയ്തിട്ടുള്ളതും, രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ അപേക്ഷകരിൽ മേൽപ്പറഞ്ഞ 1,2 ഇനങ്ങളിൽ യോഗ്യതയില്ലാത്തവരെ CARINGS വെബ്പോർട്ടലിൽ നിന്ന് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

6. ജില്ലാ അഡോപ്ഷൻ കമ്മിറ്റിയുടെ തീരുമാനങ്ങളിന്മേലുള്ള അപ്പീലിനായി മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി -യെ സമീപിയ്ക്കാവുന്ന വിവരം അറിയിക്കേണ്ടതാണ്.

7. അപേക്ഷ നിരസിക്കുന്ന കേസ്സിൽ അംഗീകൃത ദത്തെടുക്കൽ ഏജൻസി ഈടാക്കിയ 6,000/- രൂപ അപേക്ഷകർക്ക് തിരിച്ച് നൽകുന്നതാണെന്നുള്ള വിവരം നോട്ടീസിൽ അറിയിക്കേണ്ടതാണ്.

8. നിരസിച്ച അപേക്ഷകരിൽ നിന്നും അംഗീകൃത ദത്തെടുക്കൽ സ്ഥാപനത്തിന് ലഭിച്ച 6000/- രൂപ സാരാ മെമ്പർ സെക്രട്ടറി കൂടിയായ വനിത ശിശുവികസന വകുപ്പിന്റെ ഡയറക്ടറുടെ പേരിലുള്ള Integrated Child Protection Scheme, Acc. No. 67194963109, IFSC: SBIN0070415 എന്ന അക്കൗണ്ടിലേയ്ക്ക് നൽകേണ്ടതാണെന്ന വിവരം അംഗീകൃത ദത്തെടുക്കൽ സ്ഥാപനത്തിനെ അറിയിക്കേണ്ടതാണ്.

9. ദത്തെടുക്കാൻ ആഗ്രഹിക്കുന്ന അപേക്ഷകർ അപേക്ഷയോടൊപ്പം പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണെന്ന വിവരം അപേക്ഷകരെ അറിയിക്കേണ്ടതാണ്.

പരാമർശം (2) പ്രകാരമുള്ള ഉത്തരവ് മേൽ പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

(signature)

വനിത ശിശു വികസന വകുപ്പ് ഡയറക്ടർക്കുവേണ്ടി